# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.9/1663/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.9/1663/2023 തീയ്യതി: 24/11/2023

## കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ.
ശ്രീമതി സ്മിത.ജി. നായർ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീമതി അമ്പിളി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജ്യോതിലക്ഷമി. ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അജയൻ.കെ. മേനോൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 01-04-2022 | 20-06-2022 |
| ശ്രീ സുനിൽകുമാർ എൻ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2022 | 26-06-2022 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 27-06-2022 | 08-07-2022 |
| ശ്രീമതി മിനി കെ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-07-2022 | 17-07-2022 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 18-07-2022 | 31-10-2022 |
| ശ്രീ സുനിൽകുമാർ എൻ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2022 | 23-11-2022 |
| ശ്രീ മുഹ്സിൻ പി എം | സെക്രട്ടറി | 24-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുനിൽ കുമാർ എൻ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ മതി ഗൗരി എ ആർ | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി ഡോ.ഐറിൻ എലിസബത്ത് ജോൺ | കൃഷി ഓഫീസർ | 30-07-2022 | 05-08-2022 |
| ശ്രീമതി നാസ്സിയ സത്താർ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ശ്രീമതി ശ്രീമോൾ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-07-2022 |
| ശ്രീമതി നാൻസി ലിസ തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-08-2022 | 30-09-2022 |
| ശ്രീമതി ശ്രീമോൾ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-10-2022 | 06-01-2023 |
| ശ്രീമതി സുജാദേവി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 07-01-2023 | 12-01-2023 |
| ശ്രീമതി റൈഹാനത്ത് | ഐ സി ഡി എസ് | 13-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ബീവി കെ എസ് | സൂപ്പർവൈസർ | | |
| ശ്രീമതി റൂബി കെ നൈനാൻ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജന സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യമോൾ തോമസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ നിസ്സാമുദ്ദീൻ എ | വി ഇ ഒ, തിരുവാർപ്പ് | 01-04-2022 | 24-09-2022 |
| ശ്രീമതി പ്രസീന പി | വി ഇ ഒ , ചെങ്ങളം | 27-07-2022 | 29-03-2023 |
| ശ്രീമതി ബിന്ദു എം പി | വി ഇ ഒ , തിരുവാർപ്പ് | 01-10-2022 | 31-03-2023 |
| ശ്രീമതി അഹനമനോഹർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ സ്മിത ഇ എസ് | മെഡിക്കൽ ഓഫീസർ (പി എ,ച്ച് സി) | 01-04-2022 | 15-05-2022 |
| ഡോ. അജിത ബി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 16-05-2022 | 31-03-2023 |
| ഡോ. ശ്രീദേവി കെ ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ഗീത മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |

01.04.2022 മുതൽ 26.07.2022 വരെ ചെങ്ങളം സർക്കിൾ വി.ഇ.ഒ. തസ്തിക വേക്കന്റ് ആയതിനാൽ നിസാമുദ്ദീൻ വി.ഇ.ഒ., തിരുവാർപ്പ് സർക്കിൾ-ന് അധിക ചുമതല.25.09.2022 മുതൽ 30.09.2022 വരെ ശ്രീമതി പ്രസീന പി. ചെങ്ങളം സർക്കിൾ തിരുവാർപ്പ് സർക്കിളിന്റെ അധിക ചുമതല. ശ്രീമതി ബിന്ദു, വി.ഇ.ഒ.തിരുവാർപ്പിന് (30.03.2023 - 31.03.2023 വരെ) ചെങ്ങളം സർക്കിളിന്റെ അധിക ചുമതല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | റേഷ്യോസ് സമർപ്പിച്ചിട്ടില്ല | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ബാരൽ വില -തുക വ്യത്യാസപ്പെട്ടിരിയ്ക്കുന്നു | 1-1-6 |
| 8 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ ആധികാരികത വ്യക്തമല്ല | 1-1-7 |
| 9 | ബജറ്റ്-വിശകലനം | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | പാരിഷ് ഹാൾ - നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കി. | 1-11 |
| 19 | ഉപയോഗക്രമം രേഖപ്പെടുത്താതെ നികുതി, ഉപനികുതിയിൽ നിന്ന് കെട്ടിടങ്ങളെ ഒഴിവാക്കി. | 1-12 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 21 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |
| 22 | വിഭവ സമാഹരണം. | 1-15 |
| 23 | ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല | 1-16 |
| 24 | അങ്കണവാടി കെട്ടിടങ്ങളുടെ വാടക- വികസനഫണ്ട് ചെലവഴിച്ചു | 1-17 |
| 25 | പെറ്റിവർക്കുകൾക്ക് -അധികം തുക ചെലവഴിച്ചു. | 1-18 |
| 26 | ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 27 | ജി എസ് റ്റി കോമ്പൻസേഷൻ - അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് - അംഗീകരിക്കുന്നില്ല | 1-20 |

| | | |
|---|---|---|
| 28 | ശിശു സൗഹൃദ തിരുവാർപ്പ് - ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സ- പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചു. | 1-21 |
| 29 | താമരശ്ശേരി കമ്മ്യൂണിറ്റി ഹാളിൽ പൊതുശൗചാലയം നിർമ്മാണം- ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല. | 1-22 |
| 30 | സ്കൂളുകൾക്ക് തുമ്പൂർമുഴിമോഡൽ മാലിന്യ സംസ്കരണം - അപാകതകൾ | 1-23 |
| 31 | വനിതകൾക്ക് വെൽനെസ്സ് സെന്റർ-പ്രവർത്തനം ആരംഭിച്ചില്ല | 1-24 |
| 32 | മാലിന്യ സംസ്കരണം - തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-25 |
| 33 | ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ തുടർനടപടികൾ | 1-26 |
| 34 | കുടുംബാരോഗ്യ കേന്ദ്രത്തിന് ലാബ് സജ്ജീകരിക്കൽ- ലക്ഷ്യം കൈവരിച്ചില്ല. | 1-27 |
| 35 | ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ് | 1-28 |
| 36 | പി.എച്ച്.സി.യ്ക്ക് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-29 |
| 37 | മരുന്ന് ലഭ്യമാകുവാനവശേഷിക്കുന്നു | 1-30 |
| 38 | ഭിന്നശേഷി സൗഹൃദ പദ്ധതി - മാതൃകാപരം | 1-31 |
| 39 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല | 1-32 |
| 40 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ് | 1-33 |
| 41 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജി എസ് റ്റി കോമ്പൻസേഷൻ - അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് - അംഗീകരിക്കുന്നില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.07.2023തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച്24.07.2023തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

#### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

### 1-1-4 റേഷ്യോസ് സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് സമർപ്പിച്ചിട്ടില്ല.

### 1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-6 ബാരൽ വില -തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബാരൽ വില ഇനത്തിൽ ഈടാക്കിയ തുക വാർഷികകണക്കിൽ 3283/- രൂപയും (RP-5 – 150120102) രജിസ്റ്റർ പ്രകാരം 3653/- രൂപയുമാണ്.

### 1-1-7 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ ആധികാരികത വ്യക്തമല്ല

"ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്" ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം "ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്" ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022ലെ 4/1-ാം നം. തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ 11.01.2023 -ലെ 4/4-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 7,17,828 | 60,70,372 |
| വരവ് | 32,93,44,000 | 25,69,00,556 |
| ആകെ | 33,00,61,828 | 26,29,70,928 |
| ചെലവ് | 32,78,30,500 | 25,57,44,200 |
| നീക്കിയിരിപ്പ് | 22,31,328 | 72,26,728 |

ബജറ്റ് പ്രകാരം 25.69കോടി രൂപ വരവും 25.57കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 18.94കോടി രൂപയും ചെലവ് 19.41കോടി രൂപയുമാണുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 160,71,607 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,79,20,551 |
| ആകെ | 6,39,92,158 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,42,28,356 |
| നീക്കിയിരിപ്പ് | 197,63,802 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 189471759 |
| ആകെ ചെലവ് | 194179552 |
| വരുമാന നഷ്ടം (Deficit) | (4707793) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (2451) |
| അറ്റ വരുമാന നഷ്ടം (Net Deficit) | (4705342) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 67492 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1132987 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പെടെ വരുമാന-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 18.94കോടി രൂപയും ചെലവ് 19.41 കോടി രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25105000 | 25105000 | 24105058 | 999942 | 97 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-SCP | 0 | 5041000 | 5041000 | 4964904 | 76096 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 178025 | 4236163 | @ 4414188 | 3153818 | 1260370 | 72 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 1922224 | 8240060 | *10162284 | 6869143 | 3293141 | 69 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | $ 5417000 | 5417000 | -- | 5417000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 6638000 | 6638000 | 6623802 | 14198 | 99 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | 0 | 210,939 | 2,10,939 | 181719 | 29,220 | 0 |
| ആരോഗ്യ ഗ്രാന്റ് (പി.എച്ച്.സി. കളുടെ നവീകരണത്തിനുള്ള തുക) | 0 | 80000 | 81033 (പലിശ ഉൾപ്പെടെ) | -- | 81033 | 0 |
| ഐ.സി.ഡി.എസ് | 373980 | 1119740 | 1493720 | 900000 | 593720 | -- |
| ശുചിത്വമിഷൻ | 408503 | 310908 | 719411 | 260573 | 458838 | -- |

@ ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied-ആകെ വരവ് – മുന്നിരിപ്പ് 178025/-രൂപ, പലിശ (21-22 ലെ പലിശ 9279/- രൂപ, 2022-23ലെ പലിശ 70281/-) രൂപ ട്രഷറി വരവ് 6603, ബാങ്കിലെ വരവ് 4150000/- രൂപ (2075000+2075000) എന്നിവ ഉൾപ്പെടെ ആണ്. ചെലവ് തുകയിലെ 3135477/- രൂപ ബാങ്കിൽ വരവുവന്ന തുകയുടേത് ആണ്. ശേഷിക്കുന്ന 18341 രൂപ മുൻവർഷ റിക്കവറിയിനത്തിൽ വന്ന തുക ഓഡിറ്റ് വർഷം അടവാക്കിയതാണ്. ട്രഷറി വരവ് 6603/- രൂപ ലാപ്സായി. 1260370 രൂപയും 11738 രൂപ പലിശയും ഉൾപ്പെടെയുള്ള 1272108 രൂപ ബാങ്കിൽ അവശേഷിക്കുന്നു.

* ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied ആകെ വരവ്, മുന്നിരിപ്പ് 1922224/- രൂപ, പലിശ 105421/- രൂപ, ബാങ്കിലെ വരവ് 6225000/- (3112500+3112500) രൂപ, ട്രഷറി വരവ് 1909639/- രൂപ എന്നിവ ഉൾപ്പെടെ ആണ്. മുൻ വർഷ നീക്കിയിരിപ്പിൽ 27 രൂപ അധികം ഉൾപ്പെടുത്തിയിരുന്നു. 3293141/- രൂപ ചെലവുകിഴിച്ചുള്ള തുകയിൽ 2666270/- രൂപ ബാങ്കിൽ ശേഷിക്കുന്നു.

$ 8,10,000/-രൂപയാണ് യഥാർത്ഥത്തിൽ ലഭിച്ചത് .ടി തുക ചെലവഴിക്കാത്തതിനാൽ ലാപ്സ് ആയി.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 24.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചു | 18.05.2022-ലെ 1(1)തീരുമാനങ്ങൾ |
| ആസൂത്രണസമിതിയോഗം | 7.06.2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 23.05.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 25.02.2022മുതൽ 03.06.2022വരെ തീയതികൾ |
| ഊരുകൂട്ടയോഗം | 29.09.2022 |
| വികസനസെമിനാർ | 09.06.2022 |
| വികലാംഗഗ്രാമസഭ | 21.12.2022 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചു | 20.09.2022ലെ 1(1)തീരുമാനം |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 06.07.2022ലെ 1(1)തീരുമാനം |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 9908005 | 8703005 | 88 |
| വെറ്ററിനറി സർജൻ | 5 | 5 | 1984000 | 1734000 | 88 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 12 | 11 | 3368252 | 3128200 | 92 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1257200 | 1257200 | 100 |
| വി.ഇ.ഒ | 21 | 20 | 18650789 | 45670369 | 41 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 9 | 7 | 6567570 | 5113002 | 78 |
| സെക്രട്ടറി | 51 | 34 | 19241947 | 11366246 | 59 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 31 | 22174189 | 10309233 | 47 |
| ഹെഡ്മാസ്റ്റർ | 5 | 2 | 1115440 | 895440 | 81 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 800000 | 500000 | 63 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1010000 | 535325 | 53 |
| ആകെ | 178 | 127 | 113296972 | 62392440 | 55 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. 113296972/- രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 62392440/- രൂപയാണ് ചെലവഴിക്കാനായത്. അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 55 പ്രോജക്ടുകളിൽ 31 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് 1.03കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത്. *അനുവദിച്ച റോഡ് ഫണ്ട് മുഴുവൻ ലാപ്സായി.* എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

<u>പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം</u>

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുക, സാമൂഹ്യനീതിയും ലിംഗ സമത്വവും ഉറപ്പാക്കുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. കുട്ടികളുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുന്നതിനും ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് വരുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട് വരുന്ന വയോജന ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്ഥാപന വൽകരിക്കുന്നതിനും വരുന്ന പദ്ധതിയിലൂടെ നടപടികൾ ആവിഷ്കരിക്കുന്നതാണ്.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സർവ്വ ദേശീയ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവുമായ ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവ്വഹണങ്ങൾ

വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 19 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 25105000 | 24105058 | 999942 |
| വികസന ഫണ്ട്-എസ്.സി.പി. | 5041000 | 4964904 | 76096 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 810000 | -- | 810000 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 6638000 | 6623802 | 14198 |
| | | | 1900236 |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 61 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2183 കുടുംബങ്ങൾക്ക് 145963 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 580 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 315 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 226 പ്രവൃത്തികൾ പൂർത്തീകരിച്ചു. 145963 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 296 അയൽക്കൂട്ടങ്ങളിൽ 295 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 5769.50 |
| വരവ് | EFMS വരവ് | 57708045 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 1510918 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 44729778 |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 2140267 |
| | ഉപകരണങ്ങളുടെ വില, വാടക | 10838000 |
| | ഭരണചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 1514000 |
| | നീക്കിയിരുപ്പ് | 2687.5 |

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം പതിനെട്ട് ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| വാർദ്ധക്യകാലപെൻഷൻ | 31185900 | 2999 |
| കർഷകതൊഴിലാളി പെൻഷൻ | 11337100 | 1037 |
| വിധവാപെൻഷൻ | 9936700 | 909 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 367400 | 34 |
| വികലാംഗപെൻഷൻ | 4213000 | 359 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2023 തീയതി 3.00 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9064/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12.08.2022 – 16.08.2022 | 1/2022 മുതൽ 03/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2016 – 03.11.2016 | 2011 -12 മുതൽ 2015 -16 വരെ | LBA(HQ)11/8A2520/16 - 17 |

## 1-11 പാരിഷ് ഹാൾ - നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കി.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധനയിൽ ആരാധനാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി സെന്റ് മേരിസ് ക്നാനായ പള്ളിയുടെ ഉടമസ്ഥതയിലുള്ള 312 ച.മീ. വിസ്തീർണ്ണമുള്ള പാരിഷ് ഹാൾ കെട്ടിടത്തെ (2/194)

നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ടി കെട്ടിടത്തെ നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-23-2/18.09.23) ലഭിച്ച മറുപടിയിൽ സ്ഥല പരിശോധന നടത്തി ഉപയോഗക്രമം പരിശോധിച്ച് നികുതി നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചു. നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 ഉപയോഗക്രമം രേഖപ്പെടുത്താതെ നികുതി, ഉപനികുതിയിൽ നിന്ന് കെട്ടിടങ്ങളെ ഒഴിവാക്കി.

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള കെട്ടിടങ്ങൾ, ഹാളുകൾ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള കെട്ടിടങ്ങൾ ഉപയോഗക്രമം രേഖപ്പെടുത്താതെ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ നിന്നും വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം | | ഉപയോഗക്രമം |
|---|---|---|---|
| 1 | സെക്രട്ടറി,മഹിളാസമാജം | 2/197 | രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ജയഭാരത,മഹിളാസമാജം | 6/108 | രേഖപ്പെടുത്തിയിട്ടില്ല. |
| 3 | കെ ജെ ചാക്കോ, പത്തിൽ ചിറ | 1/128 | രേഖപ്പെടുത്തിയിട്ടില്ല. |
| 4 | പ്രസിഡന്റ്, കേരള നടവത്തുൽ മുജാഹിദ്ദീൻ സെന്റർ | 8/21 | രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ഡി എസ് എച്ച് ജെ, കോൺവെന്റ് | 10/248 | രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ലോഗോസ് ഹോം, കെ ജെ കുര്യൻ മാനേജിംഗ് ട്രസ്റ്റി. | 14/342 | രേഖപ്പെടുത്തിയിട്ടില്ല. |

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 ൽ, 2013-ൽ വരുത്തിയ ഭേദഗതി പ്രകാരം (1) ൽ പരാമർശിച്ചിട്ടുള്ള ഉപയോഗക്രമമനുസരിച്ചുള്ള (പൊതുആരാധനാലയങ്ങൾ, മതപാഠശാലകൾ, എയ്ഡഡ് കോളേജുകൾ, സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും വിദ്യാഭ്യാസാവാശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾ, അനാഥാലയങ്ങൾ, കളിസ്ഥലങ്ങൾ, വായനശാല, രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന ആശുപത്രികൾ) കെട്ടിടങ്ങളെ മാത്രമാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഉപയോഗക്രമം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.23.-1/18.09.23) ലഭിച്ച മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയർ രേഖകൾ തിരുത്തി അറിയിക്കുന്നതാണെന്ന് അറിയിച്ചു. മേൽ കെട്ടിടങ്ങളെ അവയുടെ ഉപയോഗ ക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | വെർച്ച്വ ഫുഡ് അന്റ് ബിവറേജസ്,തിരുവാർപ്പ് | II |
| 2 | ഡി &എൽ ഹെൽത്ത് കെയർ ഇലക്ട്രോണിക്സ് എക്യുപ്പ്മെന്റ് സെയിൽ സർവീസ് കുമ്മനം | II |
| 3 | ഫിറ്റനസ് ഫെസ്റ്റ് പെൽത്ത് ക്ലബ് ,കാഞ്ഞിരം | II |
| 4 | ഭാരത് ബ്രിക്സ് , കുമ്മനം | II |
| 5 | ക്ഷീരോദ്പ്പാദക സഹകരണ സംഘം, ചെങ്ങളം | II |
| 6 | ക്ഷീരോദ്പ്പാദക സഹകരണ സംഘം, തിരുവാർപ്പ് | II |
| 7 | മാവേലി സ്റ്റോർ കാഞ്ഞിരം | II |
| 8 | മാവേലി സ്റ്റോർ , താഴത്തങ്ങാടി | II |
| 9 | ദി ഈസ്റ്റ്,വെന്നിസ്,കോട്ടയം | II |
| 10 | ഗ്രാന്റ് ചിപ്സ് ,കാഞ്ഞിരം | II |
| 11 | സൽക്കാര ഫുഡ് പ്രോഡക്ടസ് | II |
| 12 | പോസ്റ്റ് ഓഫീസ്, കുമ്മനം | II |
| 13 | ഭാവന ക്ലിനിക്ക്, ചെങ്ങളം | II |

ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-22/18.9.23) ലഭിച്ച മറുപടിയിൽ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് പരിശോധനയിൽ കാണുന്നു. 2022-23 ൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 18 വാർഡുകളിലായി ലൈസൻസ് ആവശ്യമായ 554 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സാമ്പത്തിക വർഷം 385 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അതിൽ 366 സ്ഥാപനങ്ങൾ മാത്രമേ ഫീസ് ഒടുക്കിയിട്ടുള്ളുയെന്ന് കാണുന്നു. അപേക്ഷ നൽകിയിട്ടും ഫീസ് ഒടുക്കാതെ പ്രവർത്തിച്ച ചില സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ് / കെട്ടിട നമ്പർ | ഉപയോഗം |
|---|---|---|---|
| 1 | നസീർ പി.എ<br>കൊച്ചുവീട്<br>കുമ്മനം | IX/108 A | കോഴി വ്യാപാരം |
| 2 | ചെങ്ങളം<br>ക്ഷീരോദ്പാദക<br>സഹകരണസംഘം<br>K59(D) | XVII/421 | ക്ഷീരസംഘം |
| 3 | അരുൺ.കെ.ജി.<br>കടുക്കച്ചിറ<br>തിരുവാർപ്പ് | XVI/<br>രേഖപ്പെടുത്തിയിട്ടില്ല | റേഷൻകട |

| | | | |
|---|---|---|---|
| 4 | അബ്ദുൾകരീം<br>തുരുത്തുമാലി<br>കിളിരൂർ നോർത്ത് | IX/298 | പഴയ ഫർണ്ണീച്ചർ കട |
| 5 | കെ.എം.സജീദ്<br>അറുപതിൽകുറ്റിക്കൽ<br>കിളിരൂർ | IX/ 231 | രേഖപ്പെടുത്തിയിട്ടില്ല. |
| 6 | ജയപ്രകാശ്.<br>പി.എസ്<br>കിളിരൂർ | IX/<br>രേഖപ്പെടുത്തിയിട്ടില്ല. | മാക്സ്വുഡ്<br>ഫർണിച്ചർ |

സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/19.08.23) ക്രമനമ്പർ (1) ലെ കോഴിവ്യാപാരം നടത്തുന്ന സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഇല്ലാത്തതിനാലും മാലിന്യം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത ഇല്ലാത്തതിനാലും ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതാണെന്നും ക്രമനമ്പർ (6) ലെ സ്ഥാപനത്തോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തിയതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നും മറ്റ് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് . പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും 1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വിഭവ സമാഹരണം.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്.

1. 2022-23 വർഷം 97.74% വസ്തു നികുതി പിരിച്ചെടുക്കുകയും കുടിശികയുള്ളവർക്കെതിരെ തുക പിരിച്ചെടുക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം.77/2023 /എൽ.എസ്.ജി.ഡി തീയതി 22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് 25.04.23 ലെ 4(1), നമ്പർ പഞ്ചായത്ത് കമ്മിറ്റിതീരുമാന പ്രകാരം അംഗീകരിച്ചു. 1-4-23 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ പുതുക്കി 25.04.23 ലെ 5(1) നമ്പർ തീരുമാന പ്രകാരം

വിജ്ഞാപനം ചെയ്യുകയും പ്രസ്തുത കരട് വിജ്ഞാപനം ഭേദഗതികളോടെ 5.07.23 ലെ 6(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം അംഗീകരിച്ചു. 06.09.23ലെ ദിനപത്രത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. നികുതി പിരിവ് പുരോഗതി പഞ്ചായത്ത് ഭരണ സമതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അവലോകനം ചെയ്യാറുണ്ട്. GIS മാപ്പിംഗ് വഴി എല്ലാ കെട്ടിടങ്ങളുടെയും വിവരം ശേഖരിച്ച് നികുതി പുനർനിർണ്ണയിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 25.09.22 ലെ 3 നമ്പർ തീരുാന പ്രകാരം വാർഡ് (18വാർഡ്) അടിസ്ഥാനത്തിൽ 554 വ്യാപാര സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പ്രാകാരമുള്ള 554 സ്ഥാപനങ്ങളിൽ 385 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനും/പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും/ട്രേഡേഴ്സിന്റെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ തനത് വരുമാനം സ്രോതസ് പൂർണ്ണമായും ലഭിക്കുന്നതിന് സാധിക്കും.

3.സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ റേഷൻ വ്യാപാരികൾ സ്വകാര്യ സ്കൂളുകൾ എന്നിവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ ഡേറ്റാ ബേസ് പ്രകാരം തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും കോൺട്രാക്ടർമാർ, ബിൽഡിംഗ് എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ പ്രൊഫഷണലുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി തൊഴിൽ നികുതിയും പൂർണ്ണമായും പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും.

4.തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖല ഉൾപ്പെടുന്നതും വെള്ളത്താൽ ചുറ്റപ്പെട്ടതുമായ പഞ്ചായത്താണ്. കാർഷിക മേഖല ആയതിനാൽ തനതുവരുമാനസ്രോതസുകൾ വർദ്ധിപ്പിക്കുന്നതിന് അധിക നിർദ്ദേശങ്ങൾ ഇല്ല. ലേലം, വാടക ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല. ടൂറിസം മേഖലയിൽ നിന്ന് വരുമാനം വർദ്ധപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിർദ്ദേശം വച്ചിട്ടുണ്ടെങ്കിലും (9.01.23 ) തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി മലരിക്കൽ ആമ്പൽ വസന്തം നടത്തുന്നണ്ടെങ്കിലും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല. നെൽകൃഷി ഇല്ലാത്ത സമയങ്ങളിൽ നടത്തുന്ന കാർണിവല്ലിന്റെ (മലരിക്കൽ ആമ്പൽ വസന്തം) ഭാഗമായി പഞ്ചായത്തില അവികിസിതമായ പ്രദേശത്തിന് പ്രദേശികമായി വരുമാന വർദ്ധനവിന് സഹായമാവുകയും ഇതിലൂടെ കർഷകരായ പ്രദേശ വാസികൾക്ക് കൃഷി ഇല്ലാത്ത സമയങ്ങളിൽ വരുമാന വർദ്ധനവ് ഉണ്ടാക്കുവാനും സാധിക്കുന്നു. മലരിക്കൽ ഫെസ്റ്റ് നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് പ്രോജക്ട് വെച്ച് തുക ചെലവഴിക്കുന്നുണ്ടങ്കിലും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല. ധാരാളം വിനോദ സഞ്ചാരികൾ എത്തുന്ന കുമരകം പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ ഉത്തരവാദിത്വ ടൂറിസത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് സ്വീകരിക്കേണ്ടതാണ്.

1-16 ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | 169/23, അറുപറ – പള്ളിക്കാര്യം റോഡ് റീടാറിങ്ങ് |
| ചെലവ് | 529434, വികസനഫണ്ട് പൊതുവിഭാഗം |
| ബിൽ നം. | 375/28.03.2023 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും (3653 രൂപ) ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തത്.

കൂടാതെ ടി പ്രോജക്ടിൽ ചെയിനേജ് 0/132 മുതൽ 0/168, 0/218 മുതൽ 0/289 വരെ 107മീറ്റർ റീടാറിങ്ങ് നടത്തിയിട്ടുണ്ട്. വികസനഫണ്ട് ഉപയോഗിച്ച് റീടാറിങ്ങ് നടത്തിയതിന് അനുമതി/സാധൂകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്നും ഈടാക്കിയ ബാരൽ വില നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (17/18.09.23) മറുപടി ലഭ്യമാക്കിയില്ല. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സർക്കാർ നിർദ്ദേശപ്രകാരം തിരികെ അടച്ച് വിവരം അറിയിക്കേണ്ടതും വികസനഫണ്ട് ഉപയോഗിച്ച് ടാറിംഗ് നടത്തിയതിന് അനുമതി/സാധൂകരണം ബന്ധപ്പെട്ട അധികാര സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-17 അങ്കണവാടി കെട്ടിടങ്ങളുടെ വാടക- വികസനഫണ്ട് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | 49/23,അങ്കണവാടി കെട്ടിടങ്ങളുടെ വാടക |
| അടങ്കൽ | 166632 വികസനഫണ്ട് |
| ചെലവ് | 166632 |
| ബിൽ നമ്പർ | 59/12.10.22 – 96012/-<br>288/15.03.23 – 70620/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിൽ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 16 അങ്കണവാടി കെട്ടിടങ്ങൾക്ക് വാടക നൽകുന്നതിന് വികസനഫണ്ടിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വാടക നൽകുന്നതിന് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ പ്രത്യേക അനുമതി/സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (19/18.09.23) മറ്റ് ഫണ്ടുകളുടെ അപര്യാപ്തത മൂലമാണ് വികസനഫണ്ട് ചെലവഴിച്ചതെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ വിവിധ വികസന പ്രവർത്തനങ്ങൾക്കായി നല്കുന്ന പദ്ധതിപ്പണം വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ 166632 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പെറ്റിവർക്കുകൾക്ക് -അധികം തുക ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തുകൾക്ക് പെറ്റിവർക്കുകൾക്ക് 10000/- രൂപ വരെ ചെലവഴിക്കാവുന്നതാണെന്ന് 4676/പി.3 /99/ത.സ്വ.ഭ.വ. 10.01.2000 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പെറ്റി വർക്കുകൾക്ക് 15000/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതിനേക്കാൾ അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.4/15.09.2023) ലഭിച്ച മറുപടിയിൽ അടിയന്തിര സാഹചര്യത്തിൽ പദ്ധതി അംഗീകാരം തേടി റോഡ് പ്രവൃത്തി നടത്തുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാലാണ് പഞ്ചായത്ത് അടിയന്തിരമായി ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്നും അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കേരള പഞ്ചായത്ത് രാജ്

നിയമങ്ങളും ചട്ടങ്ങളും സെക്ഷൻ 156 (5) (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും ചുമതലകൾ) പ്രകാരം തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അറിയിച്ചു. എന്നാൽ മേൽ ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുകയേക്കാൾ അധികരിച്ച തുക ചെലവഴിക്കുന്നതിനുള്ള ഉത്തരവ് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | പ്രവൃത്തികൾ | തുക | വൗച്ചർ നമ്പർ | |
|---|---|---|---|---|
| 1 | 18 | റോഡ് മണ്ണിട്ട് ഉയർത്തൽ | 15000 | 22200054/22.04,22 |
| 2 | 3 | മാന്താറ്റിൽ - ഇടക്കരിച്ചിറ റോഡ് കോൺക്രീറ്റിംഗ് | 15000 | 22200218/16.06.22 |
| 3 | 14 | മീഞ്ചിറ – കാരിക്കൽ റോഡ് മണ്ണിട്ട് ഉയർത്തൽ | 15000 | 2220019/16.06.22 |
| 4 | 2 | കാത്തുപറമ്പ്- കൈതകം- ചേരിയിൽ റോഡ് മണ്ണിട്ട് ഉയർത്തൽ | 15000 | 22200299/25.07.22 |
| 5 | 17 | കൊല്ലം പറമ്പ്- കളപ്പുര റോഡ് - മണ്ണിട്ട് ഉയർത്തൽ | 15000 | 22200374/19.08.22 |
| 6 | 11 | പാണംപടി ഇരുമ്പ് പാലത്തിനും- കാഞ്ഞിരം ജെട്ടി റോഡിനും ഇടയിലുള്ള വഴി -മണ്ണിട്ട് ഉയർത്തി പേവിംഗ് ടൈൽ പാകൽ | 15000 | 22200406/31.08.22 |
| 7 | 14 | വാണിയാംപറമ്പിൽ- ചെങ്ങമന്ത്ര നടപ്പാത മണ്ണിട്ടുയർത്തൽ | 15000 | 22200484/15.09.22 |
| 8 | 1 | മാറാണിക്കളം -മണ്ണാന്തറ വഴി മണ്ണിട്ടുയർത്തൽ | 15000 | 22200788/16.12.22 |
| 9 | | നെടുചിറ-നടപ്പാലം മണ്ണിട്ടുയർത്തൽ | 15000 | 22200868/05.01.23 |
| 10 | 8 | പൊൻമല -തോണിക്കടവ് റോഡിൽ പാലത്തിന്റെ കൈവരി | 15000 | 22200879/10.01.23 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം | | |

1-19 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

സ.ഉ(അച്ചടി)നം87/2017/തസ്വഭവ തീയതി 1.11.17 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2.5 ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്ന പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ നിന്നും 2% GST(TDS) കുറവ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ നിന്നും 2% GST ഈടാക്കിയതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല.

| പ്രോജക്ട് നം , പ്രോജക്ട് | തുക | റിമാർക്സ് |
|---|---|---|
| 162/23 തെരുവുവിളക്കുകൾക്ക് ഓട്ടോമാറ്റിക് സെൻസർലൈറ്റ് വാങ്ങൽ (New) | 499925/- വികസന ഫണ്ട്-(പൊതുവിഭാഗം) ബിൽ നം-229/ 16.06.2023 449933/- 408/29.03.2023 49992/- | 204 ഓട്ടോമാറ്റിക് സെൻസർലൈറ്റുകൾ KREWS -ൽ നിന്നും വാങ്ങിപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2% ജി എസ് ടി സ്രോതസ്സിൽ കുറവ് വരുത്തിയതിന്റെ അഥവാ 18% ജി എസ് ടി സ്ഥാപനം സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/16.09.23) മറുപടിയായി 18% ജി എസ് ടി അടവാക്കിയ രേഖകൾ KREWS -ൽ നിന്നും ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടരലക്ഷത്തിനുമേൽ ബിൽ തുകയുള്ള വാങ്ങലുകളിൽ 2% ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ജി എസ് റ്റി കോമ്പൻസേഷൻ - അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് - അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് | 31/23 പരപ്പേൽ പട്ടാണംകരി-മുത്തേരിമട തോട് മാലിന്യമുക്തമാക്കൽ |
| കരാറുകാരൻ | മുഹമ്മദ് അൽസീഫ് |
| കരാർ | 17/AE/LSGD/TVP/21-22 Dt 19/03/22 |
| അളവുപുസ്തകം | 255/21-22 |
| പൂർത്തിയാക്കിയ തീയതി | 16/05/2022 |
| ചെലവ് ബിൽ നമ്പർ | 1079863 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് XVFC/2022-23/P/15 Dated 20/06/2022 |

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
|---|---|

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 5% ബാധകമായത് 12% വും 12% ബാധകമായത് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് വർദ്ധിപ്പിച്ച നിരക്കിലുള്ള ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കാവുന്നത്. ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം വർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നമുണ്ട്. 2021-22 വർഷം തയ്യാറാക്കിയ മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ 5% നിരക്കിലാണ് ജി എസ് റ്റി വിഹിതം ഉൾപ്പെടുത്തിയിരുന്നത്. (എസ്റ്റിമേറ്റ് നമ്പർ 2022/10146.) 18-7-2022 ന് മുൻപ് പൂർത്തീകരിച്ച് പേയ്മെന്റ് നൽകിയ മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 12% ജി എസ് റ്റി അധികമായി നല്കിയതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക |
|---|---|---|
| ആകെ വേലമൂല്യം | 964163 | 964163 |
| ജി എസ് റ്റി കോമ്പൻസേഷൻ | 115700 | 48208 |
| ആകെ | 1079863 | 1012371 |
| ആദായ നികുതി | 9642 | 9642 |
| KCWWF | 9642 | 9642 |
| GST | 19284 | 19284 |
| Collection Charge | 96 | 96 |
| അറ്റ തുക | 1041295 | 973803 |
| അധികം | 67492 | |

ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് 67492 രൂപയുടെ അധിക ചെലവുണ്ടായി. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (6/16.09.23) ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ശ്രദ്ധയിൽപ്പെടാത്തതിനാലാണ് അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി.

ഉത്തരവിന് വിരുദ്ധമായി ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 67492 രൂപ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-21 ശിശു സൗഹൃദ തിരുവാർപ്പ് - ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സ- പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ചു.

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥയായി തനത് ഫണ്ടിൽ നിന്നും 42525 രൂപ ചെലവഴിച്ച് ശിശു സൗഹൃദ തിരുവാർപ്പ് - ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സ എന്ന പേരിൽ പ്രോജക്ട് (നം.144/23) നടപ്പിലാക്കിയിരുന്നു.

ജെ.കെ.മെഹ്ത ആന്റ് സൺസ്, നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും വിവിധ പ്രായക്കാർ ഡയപ്പർ വാങ്ങുന്നതിനായാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നം. | തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| ജെ.കെ.മെഹ്ത | A-4703/22-23- | 33192 | 5060147/04.03.23 |

| | | | |
|---|---|---|---|
| ആന്റ് സൺസ് | 18.01.23 | | |
| നീതി മെഡിക്കൽ സ്റ്റോർ | 4-49/20/2010 – 28.01.23 | 9333 | 5060151/ 09.03.23 |

കുട്ടികളുടെ ചികിത്സയ്ക്കായി പ്രോജക്ട് ആവിഷ്കരിച്ചിട്ട് വിവിധ പ്രായത്തിലുള്ളവർക്ക് കൺസ്യൂമബിൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചതിനും വിതരണ വിവരം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.11/18.09.23) മുൻവർഷങ്ങളിൽ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകളും സേവനങ്ങളും നൽകിയിട്ടുള്ളതിനാൽ ഈ പ്രോജക്ട് പ്രകാരം വാങ്ങിയ ഡയപ്പറുകളും ഓട്ടിസം ബാധിതർക്ക് നൽകുന്നതിനായി പാലിയേറ്റീവ് കെയർ ടീമിനാണ് കൈമാറിയിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് ക്രമപ്രകാരമല്ല. കുട്ടികൾക്കായി വിഭാവനം ചെയ്ത പദ്ധതികൾ കുട്ടികൾക്കുവേണ്ടി നടപ്പിലാക്കുന്നതിനും ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സ എന്ന പ്രോജക്ട് ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പ്രോജക്ടിന്റെ പ്രയോജനം ഈ വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-22 താമരശ്ശേരി കമ്മ്യൂണിറ്റി ഹാളിൽ പൊതുശൗചാലയം നിർമ്മാണം- ടെണ്ടർ ഡിഡക്ഷൻ നടത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 26/23 |
| ചെലവ് | 130362<br>[(CFC(T) – 80362<br>കേന്ദ്രാവിഷ്കൃതം – 50000]<br>1) ബിൽ നം. 159/29.12.2022- 76639<br>2)340/27.03.23 – 3723<br>3) ചെക്ക് നം.5060129/5.1.23- 50000 |
| കരാർ | 53/AE/lsgd/TVP/20-21 25/02/2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

മേൽ പ്രോജക്ട് ടെൻഡർ ചെയ്തപ്പോൾ 1% കുറവ് ക്വോട്ട് ചെയ്ത ഷാജിൻ പീറ്റർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 265263 |
| ടെൻഡർ കുറവ് വരുത്തേണ്ട തുക (1% നിരക്കിൽ) | 2653 |

ടെണ്ടർ കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് 2653 രൂപ അധികം നൽകി. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണകുറിപ്പിന് (14/18.09.23) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക കരാറുകാരനിൽ നിന്നോ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി നിശ്ചിത ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണ്.

### 1-23 സ്കൂളുകൾക്ക് തുമ്പൂർമുഴിമോഡൽ മാലിന്യ സംസ്കരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 177/23 |
| അടങ്കൽ | 640000 |
| ചെലവ് | 464355 |

| | |
|---|---|
| | [CFC(T) – 139307<br>കേന്ദ്രാവിഷ്കൃതം – 325048]<br>ബിൽ നം. 328/25.03.23 – 38400<br>372/28.3.23 – 100907<br>വൗച്ചർ നം. 22201185/30.03.23<br>-325048 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

തിരുവാർപ്പ്, കിളിരൂർ സ്കൂളുകളിൽ തുമ്പൂർമുഴിമോഡൽ മാലിന്യ സംസ്കരണം നടത്തുന്നതിന് IRTC പാലക്കാട് എന്ന അക്രഡിറ്റഡ് ഏജൻസി മുഖേന എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഷെഡ്, യൂണിറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

16/09/23 ൽ നടത്തിയ ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

നിർമ്മാണം പൂർത്തീകരിച്ചെങ്കിലും തിരുവാർപ്പ് സ്കൂളിൽ യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടില്ല.

കിളിരൂർ സ്കൂളിലെ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചെങ്കിലും തിരുവാർപ്പ് സ്കൂളിലെ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലെന്ന് 16/12/23 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ കാലപ്പഴക്കത്താൽ ഇനോക്കുലം ഉപയോഗശൂന്യമാകുന്നതാണ്. ഇനോക്കുലം ഉപയോഗിച്ച് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തക്ഷമാക്കി ജൈവവളം നിർമ്മിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (18/18.09.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 464355/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-24 വനിതകൾക്ക് വെൽനെസ്സ് സെന്റർ-പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 132/23 |
| അടങ്കൽ | 320000 |
| ചെലവ് | 320000 (വികസനഫണ്ട് (പൊതുവിഭാഗം) – 300000 തനത് ഫണ്ട് – 20000) |
| ബിൽ നമ്പർ | 320/22.03.23 – 300000/-<br>321/22.03.23 – 20000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പ്രോജക്ട് പ്രകാരം വെൽനെസ്സ് സെന്റർ സ്ഥാപിക്കുന്നതിന് ബോഡി പ്ലസ്, ദേവ്സ് മാനർ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 316500 രൂപ ചെലവഴിച്ച് താഴെ പറയും പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | എലിപ്റ്റിക്കൽ ക്രോസ് ട്രെയിനർ | 1 | 39450 |
| 2 | സ്പിൻ ബൈക്ക് | 1 | 22050 |
| 3 | മൾട്ടി ജിം | 1 | 36900 |
| 4 | ട്രഡ് മിൽ | 2 | 118000 |
| 5 | കിങ്ങ് പ്രോ | 2 | 11800 |
| 6 | എക്സർസൈസ് സൈക്കിൾ | 1 | 14000 |
| 7 | മെറ്റൽ ട്വിസ്റ്റർ | 2 | 8960 |

| | | | |
|---|---|---|---|
| 8 | ഡമ്പ് ബെൽസ് | 60kg | 11100 |
| 9 | വെയിറ്റ് പ്ലേറ്റ്സ് | 66kg | 12210 |
| 10 | ബാർബെൽസ് | 18ft | 6000 |
| 11 | പുഷപ്പ് ബാർ | 1 | 650 |
| 12 | വെയിങ്ങ് മെഷീൻ | 1 | 1450 |
| 13 | ജിം ഫ്ലോർ മാറ്റ് | 39 | 33930 |
| ആകെ | | | 316500 |



പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിലും, 16.09.2023ൽ നടത്തിയ ഭൗതിക പരിശോധനയിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉപകരണങ്ങൾ വാങ്ങി വൈ എം എ ലൈബ്രറിയുടെ മുകളിലത്തെ നിലയിൽ സൂക്ഷിച്ചിട്ടുണ്ട് എന്നല്ലാതെ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, വെൽനെസ് സെന്ററുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ എന്നിവ പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2 .നാളിതു വരെ ആയിട്ടും വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

3. വെൽനെസ്സ് സെന്റർ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. ഭൗതിക സാഹചര്യം സജ്ജമാക്കുന്നതിന് മുമ്പ് ഉപകരണങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല.

4. പട്ടികപ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ 316500 രൂപ സ്ഥാപനത്തിന് അനുവദിക്കുകയും ബോർഡ് സ്ഥാപനം എന്ന ഇനത്തിൽ 3500 രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ നിലവിൽ ബോർഡ് സ്ഥാപിച്ചിട്ടില്ല.

5. ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനം തന്നെയായിരുന്നു ഉപകരണങ്ങൾ സ്ഥാപിക്കേണ്ടിയിരുന്നത്.

ഉപകരണങ്ങൾ സ്ഥാപിക്കാത്തത് സംബന്ധിച്ചും, ഉപകരണങ്ങളുടെ വാറണ്ടി, തുടർപരിപാലനം എന്നിവ സംബന്ധിച്ചും സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

അപാതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 14/18.03.23) സെന്ററിന്റെ വൈദ്യുതീകരണം നടത്തി ഒരു വനിതാ ട്രെയിനറെ നിയമിച്ച് ഒക്ടോബർ ആദ്യവാരത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

വാങ്ങിയ ഉപകരണങ്ങൾ നിശ്ചിത ലക്ഷ്യത്തിനായി ഉപയോഗിക്കുന്നില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ച് പ്രയോജനപ്പെടുന്ന തരത്തിൽ സ്ഥാപിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 320000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മാലിന്യ സംസ്കരണം - തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ല്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചും, 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിൻ കീഴിൽ 2016 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളുടെ വ്യസ്ഥകൾ പ്രകാരവും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 219 ഇ വകുപ്പ് അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സ്ഥാപനത്തിന്റെ സ്വത്തായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതികളിൽ അവ നിർമ്മാർജ്ജനം ചെയ്യാനോ സംസ്കരിക്കാനോ, അന്തിമമായി അവ നീക്കം ചെയ്യുന്നതിനോ ഉള്ള ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17 /തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി ഗ്രാമപഞ്ചായത്തിൽ 2021 ഒക്ടോബർ മാസത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 36 പ്രവർത്തകർ ആണ് ഹരിതകർമ്മസേനയിൽ ഉള്ളത്.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തി പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്. ജനപ്രതിനിധികളും ആരോഗ്യ ശുചിത്വ സാമൂഹിക പ്രവർത്തകരും ഹരിതകർമ്മ സേനാംഗങ്ങളോടൊപ്പം എല്ലാ വീടുകളിലും കയറി ബോധവൽക്കരണം നടത്തുകയും എല്ലാ ജനങ്ങളെയും ഹരിതകർമ്മസേനാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നത് നന്നായിരിക്കും. ശുചിത്വ പരിപാലനത്തിനും, ഒ.ഡി.എഫ് സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായും ഗ്രാമപഞ്ചായത്തിൽ ഒ.ഡി.എഫ് പദ്ധതി മുഖേന നിലവിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

### സ്ഥാപനത്തിന് സ്ഥിരമായ എം.എസി.എഫ് യൂണിറ്റ് പ്രവർത്തന സജ്ജമായില്ല

33.59ച. കി. മീറ്റർ വിസ്തൃതിയും 31665 (പദ്ധതി രേഖ പ്രകാരം) ജനസംഖ്യയും, 575 (സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം) ഓളം വാണിജ്യ -വ്യവസായ സ്ഥാപനങ്ങളും ഉള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടേയുള്ളൂ. ഓഡിറ്റ് വർഷം 9,36,435 രൂപ ചെലവഴിച്ചാണ് (പ്രോജക്ട് 36/22) എം.സി.എഫ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചത്. 5,10,000 രൂപ ചെലവഴിച്ച് വാങ്ങിയ ബെയ്‌ലിംഗ് മെഷീനും പ്രവർത്തനസജ്ജമായിട്ടില്ല.





**മാലിന്യ-ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു**

മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും മറ്റും മുൻവർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ നിലവിലും വിനിയോഗിക്കാതെ ബാലൻസ് ഷീറ്റിൽ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് - 175020/-

റ്റി .എസ്സ്.സി – 38522/-

മേൽ വിവരിച്ച തുകയിൽ ഭൂരിഭാഗവും പഞ്ചായത്തിന്റെ തനതുഫണ്ട് ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ തുക നിലവിലും ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും, ഉപയോഗപ്പെടുത്താത്ത തുക തിരികെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.



**ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്**

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാന സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

## 1-26 ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ തുടർനടപടികൾ

2020-21 വാർഷികപദ്ധതി പ്രകാരം 2520000 രൂപയും (271/21-CFC Tied Grant) 2021-22 വാർഷികപദ്ധതി പ്രകാരം 2103850 രൂപയും (-CFC Tied Grant) തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 3980 വീട്ടുകൾക്ക് ആദ്യഘട്ടത്തിൽ കുടിവെള്ള കണക്ഷൻ നൽകി. പിന്നീട് കുടിവെള്ളം ലഭ്യമല്ലാതിരുന്ന 145-കുടുംബങ്ങളിൽ 136 പേർക്ക് കണക്ഷൻ നൽകി. ബാക്കി 9 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടി വീടുകൾക്ക് കൂടി കണക്ഷൻ ലഭ്യമാക്കിയാൽ ഗ്രാമപഞ്ചായത്തിൽ 100% പദ്ധതി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാൻ സാധിക്കും. 13.09.2023ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1) ലഭിച്ച മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് വർഷം ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തുക ചെലവഴിച്ചിരുന്നില്ല. 46,23,850 രൂപയാണ് മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നത്. 9 കുടുംബങ്ങൾക്ക് മാത്രമെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനുള്ളൂ എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷം വരെ 9.45ലക്ഷം രൂപയാണ് വെള്ളക്കരമിനത്തിൽ വാർഷികമായി അടവാക്കിയിരിക്കുന്നത്. 7,00,000 രൂപയുടെ ജൽജീവൻ മിഷൻ പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

സ്ട്രീറ്റ് ടാപ്പുകൾ പൂർണ്ണമായും ഒഴിവാക്കി ജൽജീവൻ മിഷൻ ടാപ്പുകൾ മാത്രം ആകുമ്പോൾ വെള്ളക്കരമിനത്തിലെ വൻതുകയുടെ അടവ് ഒഴിവാക്കാനാകും. ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-27 കുടുംബാരോഗ്യ കേന്ദ്രത്തിന് ലാബ് സജ്ജീകരിക്കൽ- ലക്ഷ്യം കൈവരിച്ചില്ല.

തിരുവാർപ്പ് കുടുംബാരോഗ്യ കേന്ദ്രത്തിന് ലാബ് സജ്ജീകരിക്കുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച ലാബിന് ഭൗതിക സാഹചര്യം ഒരുക്കൽ (145/23)

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയതി |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) | 123091 | 121261 | 166/5.1.2023- 73091<br>325/24.3.2023 -17430<br>398/29.03.2023 -30740 |

മേൽ പ്രോജക്ട് പ്രകാരം ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി വയറിംഗ് ചെയ്യുന്നതിനും അതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി 30740 രൂപ എസ്.& ജെ പവർ പോയിന്റ്സ് എന്ന സ്ഥാപനത്തിനും ലാബിലേക്ക് മേശ, കസേര എന്നിവ വാങ്ങുന്നതിന് 17430 രൂപയും റഫ്രിജറേറ്റർ, കളക്ഷൻ ട്യൂബുകൾ, മൈക്രോടിപ്പുകൾ, റിവോൾവിംഗ് സ്റ്റൂൾ ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിന് 74091 രൂപയും നന്ദബയോടെക് എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. ടി സാധനങ്ങൾ വാങ്ങുന്നതിന് ടി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2)തിരുവാർപ്പ് കുടുംബാരോഗ്യകേന്ദ്രത്തിന് ലാബ് സജ്ജീകരിക്കൽ (160/23)

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയതി |
|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 208161 | 181719 | 1) 191/30.01.23- 67732<br>2)249/28.02.23 -55460 |

| | | | |
|---|---|---|---|
| | | | 3)326/24.03.23 - 58527 |

മേൽ പ്രോജക്ട് പ്രകാരം ലാബിന്റെ പ്രവർത്തനത്തിനാവശ്യമായ കോമ്പൗണ്ട് മൈക്രോസ്കോപ്പ്, സെൻട്രിഫ്യൂഗ്, ബയോകെമിസ്ട്രി അനലൈസർ, ഹോട്ട് എയർ ഓവൻ, മൈക്രോ പിപ്പറ്റുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങളും റീ ഏജന്റുകളും ടെസ്റ്റിംഗ് സ്ട്രിപ്പുകളും വാങ്ങുന്നതിനായാണ് തുകകൾ ചെലവഴിച്ചിരിക്കുന്നത്. യൂണിവേഴ്സൽ ഏജൻസീസ്, സയന്റിഫിക് മെഡിക്കൽ എക്യുപ്മെന്റ്സ് കേരള പ്രൈവറ്റ് ലിമിറ്റഡ്, അഗാപ്പേ ഡയഗ്നോസ്റ്റിക്സ്, വി കെയർ സർജിക്കൽ & കെമിക്കൽസ്, നന്ദബയോടെക് എന്നിവിടങ്ങളിൽ നിന്നുമാണ് ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങിയിരിക്കുന്നത്. ടി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമം ആവശ്യപ്പെട്ടതിന് മറുപടിയായി യൂണിവേഴ്സൽ ഏജൻസീസ്, സയന്റിഫിക് മെഡിക്കൽ എക്യുപ്മെന്റ്സ് കേരള പ്രൈവറ്റ് ലിമിറ്റഡ്, അഗാപ്പേ ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങൾക്ക് കെ.എം.സി.എൽ.മായുള്ള റണ്ണിങ്ങ് കോൺട്രാക്ട് ലഭ്യമാക്കി. എന്നാൽ വി കെയർ സർജിക്കൽ & കെമിക്കൽസ്, നന്ദബയോടെക് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങളും റീ ഏജന്റ്സും വാങ്ങുന്നതിന് ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.






ഈ രണ്ട് പ്രോജക്ടുകൾ പ്രകാരം തുക വിനിയോഗിച്ചെങ്കിലും ലാബ് പ്രവർത്തനം സജ്ജമായില്ലായെന്ന് 16.09.2023ന് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നിലവിൽ ലാബിലേക്ക് വാങ്ങിയ സാധന സാമഗ്രികൾ ഉപയോഗയോഗ്യമാക്കാതെ ബോക്സുകളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. പല ടെസ്റ്റിംഗ് കിറ്റുകളും നിലവിൽ കാലാവധി കഴിഞ്ഞവയോ (Meriscreen Malaria Pf/pan(30's) – 31.07.23, Meriscreen HCG Pregnancy Card, UPT Card 50's- 30.04.23) ഒരു വർഷത്തിനുള്ളിൽ കാലാവധി അവസാനിക്കുന്നവയോ ആണ്. ലാബ് പ്രവർത്തിക്കുന്നതിന് അടിസ്ഥാനാവശ്യമായ ഭൗതിക സാഹചര്യം സജ്ജീകരിക്കുന്നതിനു മുൻപായി ലാബിലേക്ക് റീ ഏജന്റ്സും കെമിക്കൽസും മെഡിക്കൽ എക്യുപ്മെന്റുകളും വാങ്ങി ഉപയോഗയോഗ്യമാക്കാതെ സൂക്ഷിച്ചിരിക്കുന്നതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/18.09.22) ഫണ്ട് ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഭരണസമിതിയുടെ

അഭ്യർത്ഥന പ്രകാരമാണ് തുക ചെലവഴിച്ചതെന്നാണ് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയത്. കൂടാതെ റീ ഏജന്റ്സും ഉപകരണങ്ങളും വാങ്ങുന്നതിന് വി-കെയർ സർജിക്കൽ & കെമിക്കൽസ്, നന്ദ ബയോടെക്ക് എന്നീ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കോമ്പൗണ്ട് മൈക്രോസ്കോപ്പ്, സെൻട്രിഫ്യൂഗ്, ബയോകെമസ്ട്രി അനലൈസർ, ഹോട്ട് എയർ ഓവൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിനും റീ ഏജന്റ്സ്, ടെസ്റ്റ് സ്ട്രിപ്പുകൾ എന്നിവ കാലവധിക്ക് മുൻപായി ഉപയോഗയോഗ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയും ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-28 ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല- തുക തിരികെ ഈടാക്കേണ്ടതാണ്

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 12/09/18ൽ 40000 രൂപ മുൻകൂർ കൈപ്പറ്റിയ ശ്രീമതി ഗിരിജ പാർക്കത്തറ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. നിലവിലെ അവസ്ഥ, നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (15/18.09.23) അസുഖം ബാധിച്ചതിനാലാണ് ടിയാന് നിർമ്മാണം തുടങ്ങാനാവാത്തതെന്നും തുക തിരികെ അടയ്ക്കുന്നതിന് 15/07/2019, 4/03/2020, 09/07/21, 1/12/22 എന്നീ തീയതികളിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ പലിശ ഇനത്തിൽ വലിയൊരു തുക അടയ്ക്കേണ്ടി വരുമെന്നതിനാൽ ടി തുകയ്ക്ക് ഇളവ് വേണമെന്ന് ആവശ്യപ്പെട്ടു ഗുണഭോക്താവ് പഞ്ചായത്ത് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പി.എച്ച്.സി.യ്ക്ക് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| മെയന്റനൻസ് ഗ്രാന്റ് (റോഡിതരം) | 508161 | 507798 | 1) 8/07.06.22- 685<br>2) 7/07.06.22 – 40537<br>3) 36/31.08.22 – 13000<br>4) 37/31.08.22 -99818<br>5) 137/15.12.22 – 100000<br>6) 147/20.12.22 – 20087<br>7) 243/23.02.23 – 99933<br>8) 256/07.03.23 – 99933<br>9) 273/15.03.23 – 33805 |
| തനത് ഫണ്ട് | 91839 | 0 | |
| ആകെ | 600000 | 507798 | |

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായി മരുന്നു വാങ്ങൽ (പ്രോ. നം. 23/2022-23) പദ്ധതിയ്ക്കായി 507798 രൂപ മെയന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കെ.എം.സി.എൽ, ജൻ ഔഷധി, നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും മരുന്നു വാങ്ങുന്നതിനായാണ് ടി തുക ചെലവഴിച്ചിരിക്കുന്നത്. ആയതിൽ കെ.എം.സി.എൽ ന മുൻകൂറായി കൈമാറിയ 100000 രൂപയുടെ (137/15.12.22 – 100000) മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു. ടി തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/18.09.23) മരുന്നു ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം അറിയിക്കുന്നതുവരെ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 മരുന്ന് ലഭ്യമാകുവാനവശേഷിക്കുന്നു

| പ്രോജക്ട് നമ്പരും പേരും | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 24/23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | മെയന്റനൻസ് ഗ്രാന്റ് (റോഡിതരം) | 200000 | 200000 | 1)57/11.10.22 -100000<br>2)241/23.02.23 - 100000 |

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (പ്രോ. നം. 24/23) പദ്ധതിയ്ക്കായി മെയന്റനൻസ് ഗ്രാന്റ് (റോഡിതരം) വകയിരുത്തി ദ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 118000/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 82000 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/15.09.23) മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന മരുന്നുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങളുടെ രേഖകൾ ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 82,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഭിന്നശേഷി സൗഹൃദ പദ്ധതി - മാതൃകാപരം

| | |
|---|---|
| പ്രോജക്ട് നം./പേര് | 199/23 ഭിന്നശേഷി സൗഹൃദ സമൂഹാധിഷ്ഠിത സകലിത ദുരന്ത അപായ ലഘൂകരണ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 20000 /- (വികസനഫണ്ട് (പൊതു) |
| ചെലവഴിച്ച തുക | 20000/- |

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ഖ.4(ബി) പ്രകാരവും സബ്സിഡി മാർഗ്ഗരേഖ ഖ.7.1.1പ്രകാരവും ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമ പരിപാടികളും പുനരധിവാസ വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാമെന്നും, ഭിന്നശേഷി ഡാറ്റാബേസ് സൂക്ഷിയ്ക്കുന്നതിനും നവീകരിയ്ക്കുന്നതിനും വേണ്ട നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിയ്ക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് ഭിന്നശേഷി

സൗഹൃദ സമൂഹാധിഷ്ഠിത സകലിത ദുരന്ത അപായ ലഘൂകരണ മാതൃക സൃഷ്ടിക്ക ൽ പ്രോജക്റ്റ് ഏറ്റെടുത്തത്. പ്ലാൻ രൂപപ്പെടുത്തിയതും പഞ്ചായത്തിന്റെ നേതൃത്വപങ്കാളിത്തത്തോടെ സകലിത ദുരന്ത അപായ ലഘൂകരണ പ്ലാൻ തയ്യാറാക്കിയത് മദർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയം എന്ന സ്ഥാപനമാണ്.

പ്രോജക്റ്റിന്റെ ലക്ഷ്യങ്ങൾ

- ദുരന്ത പൂർവ്വ-ദുരന്തമുഖ-ദുരന്താനന്തര സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അനുയോജ്യമായ രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും രൂപവൽക്കരിയ്ക്കുക.
- ഭിന്നശേഷിയുള്ള വ്യക്തികളുടെ അതിജീവനശേഷി വർദ്ധിപ്പിക്കൽ- പരിശീലനങ്ങൾ
- ദുരന്ത മുന്നൊരുക്ക പ്രവർത്തനങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ പങ്കാളിത്തം
- സകലിത ദുരന്ത അപായ ലഘൂകരണ പ്ലാൻ തയ്യാറാക്കുക.

നാളിതു വരെ നടത്തിയ പ്രവർത്തനങ്ങൾ

02.12.2023 മുതലായിരുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചത്. പഞ്ചായത്തിലെ ഭിന്നശേഷിയുള്ള വ്യക്തികളുടെ പേരും വിലാസവും ശേഖരണം, ഏകദിനപരിശീലനം, ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷൻ, വെർച്ചൽ സിസ്റ്റം ഫോർ റെസ്ക്യൂ ഓപ്പറേഷൻ ഗൈഡൻസ്, റെസ്ക്യൂ സ്കെച്ച് ലേഔട്ട് ആന്റ് റെസ്ക്യൂമൈക്രോ പ്ളാൻ, വാർഡ് ലെവൽ ഡിസ്കഷൻ എന്നിവ ഓഡിറ്റ വർഷം പൂർത്തീകരിച്ചു. കൂടാതെ 16.06.23 ന സ്പെഷ്യൽ ഗ്രാമസഭയും നടത്തിയിരുന്നു. പ്രസ്തുത ഗ്രാമസഭകളിൽ 18 വാർഡിലെ 311 ഭിന്നശേഷിക്കാർ പങ്കെടുത്തിരുന്നു.
ദുരന്ത അപായ ലഘൂകരണ പ്ലാൻ പ്രസിദ്ധീകരണം സംബന്ധിച്ചും, ഫസ്റ്റ് ട്രയൽ റൺ സംബന്ധിച്ചുമുള്ള തീരുമാനങ്ങളാണ് ഭാവിയിൽ എടുക്കേണ്ടത്. പ്രസ്തുത പ്രോജക്റ്റ് പൂർത്തീകരിയ്ക്കുന്ന സാഹചര്യത്തിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് നൂറ് ശതമാനവും ഭിന്നശേഷി സൗഹൃദ ഗ്രാമപഞ്ചായത്ത് ആയിത്തീരും എന്നുള്ളത് പ്രശംസനീയമാണ്.

1-32 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയില്ല

1.സ. ഉ. (കൈ) നം. 84/2022ത.സ്വ.ഭ.വ തീയതി. 19-04-22 ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ.(ആർ. ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. മാന്വൽ പാലിക്കുന്നതിന് സ്വീകരിച്ച

നടപടികൾ അറിയിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പ് സംബന്ധിച്ച്

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി:19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്ടും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണകുറിപ്പിന് (നം.24/18.09.23) മറുപടി ലഭ്യമാക്കിയില്ല.

1-33 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്

09/03/2023-ലെ സർക്കാർ ഉത്തരവ്(കൈ)നം 38/2023ധന പ്രകാരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ നടത്തുന്ന നിക്ഷേപപ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഷികകണക്ക B18-shedule പ്രകാരം 21.21 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ അവശേഷിയ്ക്കുന്നു. ടി തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.09.2023 ) മറുപടിയായി 711871 രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമെ ലഭിയ്ക്കാനുള്ളുവെന്നും ആയത് ലഭിയ്ക്കുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് കത്തുനൽകിയിട്ടുണ്ടെന്നും വിശദമാക്കിയിരുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത പക്ഷം മുൻവർഷങ്ങളിലെ തുക ഈടാക്കി സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-34 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം | 54/23 |
| ചെലവ് | 250000/-രൂപ (വികസനഫണ്ട്) |
| ബിൽ നം. | 14/22-23 /23.03.23 |

പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ 4-6 മാസം പ്രായമുള്ള 20 കിടാക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിന്റെ സബ്സിഡി വിഹിതം (12500 രൂപ വീതം) 250000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-708011400000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തിരുവാർപ്പ് ക്ഷീരോൽപാദക സഹകരണസംഘം മുഖേനയാണ് (04/23 മുതൽ പ്രോജക്ട് ആരംഭിച്ചു) കാലിത്തീറ്റ വിതരണം നടത്തുന്നത്. പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജി എസ് റ്റി കോമ്പൻസേഷൻ - അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് - അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് | 31/23 പരപ്പേൽ പട്ടാണംകരി-മുത്തേരിമട തോട് മാലിന്യമുക്തമാക്കൽ |
| കരാറുകാരൻ | മുഹമ്മദ് അൽസീഫ് |
| കരാർ | 17/AE/LSGD/TVP/21-22 Dt 19/03/22 |
| അളവുപുസ്തകം | 255/21-22 |
| പൂർത്തിയാക്കിയ തീയതി | 16/05/2022 |
| ചെലവ്<br>ബിൽ നമ്പർ | 1079863 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>XVFC/2022-23/P/15 Dated 20/06/2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

സർക്കുലർ നമ്പർ 79/2022 ഫിൻ തീയതി 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 5% ബാധകമായത് 12% വും 12% ബാധകമായത് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് വർദ്ധിപ്പിച്ച നിരക്കിലുള്ള ജി എസ് റ്റി കോമ്പൻസേഷൻ അനുവദിക്കാവുന്നത്. ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം വർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുമുണ്ട്. 2021-22 വർഷം തയ്യാറാക്കിയ മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ 5% നിരക്കിലാണ് ജി എസ് റ്റി വിഹിതം ഉൾപ്പെടുത്തിയിരുന്നത്. (എസ്റ്റിമേറ്റ് നമ്പർ 2022/10146.) 18-7-2022 ന് മുൻപ് പൂർത്തീകരിച്ച് പേയ്മെന്റ് നൽകിയ മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 12% ജി എസ് റ്റി അധികമായി നല്കിയതിനാൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക |
|---|---|---|
| ആകെ വേലമൂല്യം | 964163 | 964163 |
| ജി എസ് റ്റി കോമ്പൻസേഷൻ | 115700 | 48208 |
| ആകെ | 1079863 | 1012371 |
| ആദായ നികുതി | 9642 | 9642 |
| KCWWF | 9642 | 9642 |
| GST | 19284 | 19284 |
| Collection Charge | 96 | 96 |
| അറ്റ തുക | 1041295 | 973803 |
| അധികം | 67492 | |

ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് 67492 രൂപയുടെ

അധിക ചെലവുണ്ടായി. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (6/16.09.23) ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ശ്രദ്ധയിൽപ്പെടാത്തതിനാലാണ് അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി.

ഉത്തരവിന് വിരുദ്ധമായി ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 67492 രൂപ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 24.07.2023ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും ഓഡിറ്റ് സമയത്ത് സെക്രട്ടറിയുടെ 24.07.2023 ലെ AO-1589/2023 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12.09.2023, 13.09.2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 190978 | പാലിയേറ്റീവ് പരിചരണ പദ്ധതി (പന്ത്രണ്ടിന പരിപാടി) (പ്രോ.നം 22/23) | 190978 | 0 |
| | 487700 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ.നം 48/23) | 487700 | 0 |
| | 380000 | ലൈഫ് മിഷൻ പദ്ധതി-ജനറൽ (പ്രോ.നം 71/23) | 380000 | 0 |
| | 50000 | പാലിന് സബ്സിഡി (പ്രോ.നം- 128/23) | 50000 | 0 |
| | 776400 | ലൈഫ് മിഷൻ പദ്ധതി - പട്ടികജാതി വിഭാഗം ( പ്രോ.നം- 136/23) | 776400 | 0 |

| | | | | |
|---|---|---|---|---|
| | 40000 | ലൈഫ് മിഷൻ പദ്ധതി - പട്ടികവർഗ്ഗ വിഭാഗം (പ്രോ.നം- 180/23) | 40000 | 0 |
| | 250000 | സ്ത്രീപക്ഷ നവകേരളം - 12+ 18- 45 വയസ്സ പ്രായമുള്ള സ്ത്രീകളുടെ വിളർച്ചയ്ക്ക് പരിഹാരം (പ്രോ.നം- 135/23) | 250000 | 0 |
| | 404900 | ഇല്ലംനിറ വല്ലംനിറ - പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം (പ്രോ.നം - 137/23) | 404900 | 0 |
| ആകെ | 2579978 | | 2579978 | 0 |
| ജില്ലാ പഞ്ചായത്ത് | 130000 | അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പ്രോ.നം - 14/23) | 130000 | 0 |
| | 300000 | പാലിയേറ്റീവ് പരിചരണ പദ്ധതി (പന്ത്രണ്ടിന പരിപാടി) (പ്രോ.നം 22/23) | 300000 | 0 |
| | 275800 | ഭിന്ന ശേഷികരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും ഉല്ലാസയാത്രയും (പ്രോ.നം 48/23) | 275800 | 0 |
| | 320000 | ലൈഫ് മിഷൻ പദ്ധതി -ജനറൽ ( 71/23) | 320000 | 0 |
| | 231555 | സ്ത്രീപക്ഷ നവകേരളം - 12+ 18- 45 വയസ്സ പ്രായമുള്ള സ്ത്രീകളുടെ വിളർച്ചയ്ക്ക് പരിഹാരം (135/23) | 231555 | 0 |
| | 243600 | ലൈഫ് മിഷൻ പദ്ധതി -പട്ടികജാതി വിഭാഗം (പ്രോ.നം- 136/23) | 243600 | 0 |
| | 99826 | വയോക്ലബ്ബ് - അടിസ്ഥാന സൗകര്യം ഒരുക്കൽ | 99826 | 0 |
| | 160000 | ലൈഫ് മിഷൻ ഭവനനിർമ്മാണം | 160000 | 0 |

| | | | | |
|---|---|---|---|---|
| | | പട്ടികവർഗ്ഗ വിഭാഗം - (180/23) | | |
| ആകെ | 1760781 | | 1760781 | 0 |

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | വിവിധ വാർഡുകളിലെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (101/23) | 160746 | 160746 | 0 |
| | തൊണ്ടമ്പ്രാൽ-കുന്നംപുറം പൈപ്പ് ലൈൻ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (185/23) | 49968 | 49968 | 0 |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (195/23) | 56746 | 56746 | 0 |
| കേരള വാട്ടർ അതോറിറ്റി | ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ (15/23) | 60760 | 60760 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

22022-23 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ | ആകെ | തൻവർഷം | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത ലോൺ തുക | | തിരിച്ചടച്ച തുക മുതൽ | തിരിച്ചടച്ച തുക പലിശ | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 18938667 | 2400000 | 21338667 | 2640656 | 0 | 18698011 |

സെക്രട്ടറിയുടെ 188/23,205/23,190/23,206/23 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ് സി പി) എന്നിവയിൽ നിന്നും ആകെ 2640656/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5-1 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ജലസ്രോതസ്സ് സംരക്ഷണം കുടിവെള്ള വിതരണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4,2-5,2-6,2-7 | 2016-17 | അനുബന്ധം 3,4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8,2-9, 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2019-20 | 1-12 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത്. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 63992158 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | 189471759 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 44228356 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | 194179552 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67492 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1132987 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 67492 | ശ്രീമതി അഹന മനോഹർ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 166632 | ശ്രീമതി ശ്രീമോൾ എസ്., ഐസിഡിഎസ് സൂപ്പർവൈസർ - 96012 രൂപ<br>ശ്രീമതി റൈഹാനത്ത് ബീവി കെ.എസ്. ഐസിഡിഎസ് സൂപ്പർവൈസർ - 70620/- രൂപ |
| 1-23 | 464355 | ശ്രീമതി അഹന മനോഹർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 320000 | ശ്രീമതി റൈഹാനത്ത് ബീവി കെ.എസ്. ഐസിഡിഎസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-29 | 100000 | ഡോ.അജിത ബി.ചന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-30 | 82000 | ഡോ.ഗീത മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1132987 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അഹന മനോഹർ, അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.ഐ.ഡി.&ഇ.ഡബ്ല്യു. ഓഫീസ് തിരുവാർപ്പ് | സൂര്യ തേജസ്സ്, കുറിച്ചി പി.ഒ. കോട്ടയം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(13)22/ 26.08.2022 | 2 |
| 2012-13 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(15)22/ 26.08.2022 | 2 |
| 2013-14 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(16)22/ 26.08.2022 | 5 |
| 2014-15 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(17)22/ 26.08.2022 | 6 |
| 2015-16 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.22 /1867(18)22/ 26.08.2022 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി9/864/22/16.6.22 | 7 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/929/22/16.06.22 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി9/291/22 /02.06.22 | 13 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി9/1360/22 /26.10.22 | 8 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി9/93/23 /03.06.23 | 10 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thiruvarppu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Thiruvarppu Grama Panchayat for the year 2022-2023

Date: 24/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Thiruvarppu Grama Panchayat for the Year 2022-2023.

**1.Major Observations**

1) General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

2) Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.

3) Non Disclosure of Assets-Assets not classified and evaluated. Asset Register has not updated

**2.Other Observations**

1) Ratios on various financial performance as prescribed in accounting rules are not certified and submitted as notes on account by the Secretary
2) Government and other dues register not maintained
3) The cost of barrel varies in AFS and register

4) Capital Work in Progress Details and adjustment details not maintained

DEPUTY DIRECTOR<br>KERALA STATE AUDIT DEPT.<br>DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്